പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3400 — 25-06-2012 -ൽ മറുപടിക്ക്.

## വർദ്ധിച്ചുവരുന്ന പാർപ്പിടാവശ്യങ്ങൾക്ക് പരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. നാണു.<br>ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന പാർപ്പിടാവശ്യങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?- | (എ) യും (ബി) യും<br>സംസ്ഥാന സർക്കാർ താഴെ കാണുന്ന ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു:<br>1. <u>സാഫല്യം ഭവന പദ്ധതി</u><br>ദുർബലവിഭാഗങ്ങളിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവന രഹിതരായവർക്ക് ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്നതിനായി കേരളത്തിലെ 8 ജില്ലകളിലെ 10 ഗ്രാമ പഞ്ചായത്തുകളിൽ 1008 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 2011-12-ൽ ഇട്ട ലക്ഷ്യം കൈവരിക്കുന്നതിന് ഒന്നാം ഘട്ടമെന്ന നിലയിൽ കോട്ടയം ജില്ലയിലെ അകലക്കുന്നത്ത് രണ്ട് ബ്ലോക്കുകളിലായി48 ഫ്ളാറ്റുകൾ വീതം മൊത്തം 96 ഫ്ളാറ്റുകളുടെ നിർമ്മാണത്തിനായുള്ള പ്രാരംഭ നടപടികൾ ആയിട്ടുണ്ട്.<br>2. <u>ഇന്നൊവേറ്റീവ് ഭവന പദ്ധതി</u><br>നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരാതിർത്തിക്ക് പുറത്ത് ജോലി സ്ഥലങ്ങളിൽ നിന്നും വളരെ ദൂരത്തായി താമസിക്കുന്നതിന് നിർബന്ധിതരാവുകയും ചെയ്യുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് നഗരത്തിൽ പാർപ്പിട സൗകര്യം നൽകുന്നതാണ് ഈ പദ്ധതി. കോഴിക്കോട് (മെഡിക്കൽ കോളേജിന് സമീപം) Phase I & II തൃശ്ശൂർ ജില്ലയിലെ കുട്ടനെല്ലൂർ PhaseI,II&III എറണാകുളം ജില്ലയിലെ തൃക്കാക്കര മുതലായ സ്ഥലങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

3. സുരക്ഷ ഭവന പദ്ധതി

ദുർബല വിഭാഗത്തിൽപ്പെട്ട വീടില്ലാത്തതും എന്നാൽ രണ്ട് സെന്റ് ഭൂമി സ്വന്തമായുള്ളതുമായ പാവപ്പെട്ടവർക്ക് സന്നദ്ധസംഘടന/വ്യക്തി/തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

4. ' സങ്കേതം ' ഭവന പദ്ധതി

കേരളത്തിലെ തുച്ഛ വരുമാനക്കാർക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

5. സായൂജ്യം പദ്ധതി:

കേരളത്തിലെ ചെറിയ ടൗണുകളിലും ഗ്രാമങ്ങളിലും ഇടത്തരം വരുമാനക്കാർക്ക് താങ്ങാവുന്ന വിലയ്ക്ക് പ്ലോട്ടുകൾ നൽകുന്നതിനായുള്ള പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

6. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭൂ-രഹിത ഭവന രഹിതർക്കും ഭൂമിയും വീടും നൽകുക, എല്ലാ ഭവനരഹിതർക്കും വീട് നൽകുക എന്നീ ലക്ഷ്യത്തോടെ സമ്പൂർണ്ണ ഭവന പദ്ധതിയായ ഇ.എം.എസ് ഭവന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ കാലാവധി 2012 മാർച്ച് 31 വരെ പരിമിതപ്പെടുത്തിയിട്ടുണ്ട്, എങ്കിലും എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ഇനിയും പൂർത്തിയാക്കേണ്ട സാഹചര്യം നിലവിലുള്ളതിനാൽ ഇന്ദിര ആവാസ് യോജന ഭവന പദ്ധതിയ്ക്കും പട്ടിക-ജാതി-പട്ടിക-വർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതിക്കും അനുവദിച്ചിട്ടുള്ള വർദ്ധിപ്പിച്ച നിരക്ക് ഇ.എം.എസ് ഭവന പദ്ധതിക്കും ബാധകമാക്കി ഉത്തരവായിട്ടുണ്ട്.

7. എല്ലാവർക്കും ഭൂമി എല്ലാവർക്കും വീട് എന്ന സമഗ്ര പുനരധിവാസ പദ്ധതിക്ക് രൂപകല്പന ചെയ്തു വരുന്നു.

8. ഭവന നിർമ്മാണ രംഗത്തെ വിവിധ ഏജൻസികൾക്കും വ്യക്തികൾക്കും ന്യായമായ നിരക്കിൽ ഭവന വായ്പ

നൽകുന്നതിനായി കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിക്കുന്നതിനായി സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

9. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവരുടെ ഭവന പദ്ധതികൾക്കായി ഒരു പാർപ്പിടനിധി രൂപീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

സംസ്ഥാന സർക്കാർ താഴെ കാണുന്ന ഭവനനിർമ്മാണ പദ്ധതികൾ മറ്റ് വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്നു.

മത്സ്യബന്ധന തുറമുഖ വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികളുടെ പാർപ്പിടാവശ്യങ്ങൾ പരിഹരിക്കുവാൻ തീരപ്രദേശത്ത് സ്വന്തമായി വീടില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങക്കുവേണ്ടി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു.

കേന്ദ്രാവിഷ്കൃതനഗരചേരിനിർമ്മാജ്ജന-പാർപ്പിട പദ്ധതികളായ VAMBAY, IHSDP, BSUP, RAY തുടങ്ങിയവയുടെ സംസ്ഥാനത്തെ നോഡൽ ഏജൻസിയായ കുടുംബശ്രീ, നഗരസഭകളുടെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന് വേണ്ട സഹായങ്ങൾ ചെയ്തു വരുന്നു.

നഗരകാര്യ ഡയറക്ടറേറ്റ്, സംസ്ഥാനത്തെ പാർപ്പിട പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കിയ ഇ. എം. എസ്, ആശ്രയ എന്നീ ഭവന പദ്ധതി പ്രകാരം സംസ്ഥാനത്ത് കോർപ്പറേഷൻ, മുനിസിപ്പൽ പ്രദേശങ്ങളിൽ ആകെയുള്ള 25913 ഭവന രഹിതരായ കുടുംബങ്ങളിൽ നിന്നും ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട 14301 കുടുംബങ്ങൾക്ക് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. അതിൽ 6167 ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയായി. ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പ് ഭവന രഹിതരായ പട്ടിക ജാതിക്കാർക്ക് 2 ലക്ഷം രൂപാ നിരക്കിലും പട്ടിക വർഗ്ഗക്കാർക്ക് 2.50 ലക്ഷം രൂപാ നിരക്കിലും ഭവന നിർമ്മാണത്തിനായി ധനസഹായം അനുവദിച്ചു വരുന്നു. പട്ടികജാതി പട്ടിക- വർഗ്ഗ ദുർബല വിഭാഗങ്ങൾക്ക് 4.50 ലക്ഷം രൂപാവരെ അനുവദിക്കുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്ലാൻ ഫണ്ട്, പൂൾഡ്-കോർപ്പസ് ഫണ്ട്, അടിയ-പണിയ പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കുള്ള പ്രത്യേക പാക്കേജ് പദ്ധതി, ആദിവാസി പുനരധിവാസ മിഷൻ പദ്ധതി, പട്ടിക വർഗ്ഗ ഉപപദ്ധതി, പദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര ധനസഹായം എന്നിവയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണ ധനസഹായം നൽകി വരുന്നു. ത്രിതലപഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള Grant-in-aid ഉപയോഗപ്പെടുത്തിയും ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിച്ച് നൽകിവരുന്നു. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ ഭവന നിർമ്മാണ പദ്ധതികളൊന്നും നിലവിൽ നടപ്പി- ലാക്കുന്നില്ല. എങ്കിലും കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ ലക്ഷ്യ വിഭാഗത്തിൽപ്പെട്ടവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി ഭവന നിർമ്മാണത്തിനായി സ്വന്തമായി 3 സെന്റ് ഭൂമിയെങ്കിലുമുള്ള ഗുണഭോക്താക്കൾക്ക് 2,00,000/-രൂപ വരെയും, 2 സെന്റ് ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് 1,00,000/-രൂപ വരെയും, വ്യവസ്ഥകൾക്ക് വിധേയമായി 5% പലിശ നിരക്കിൽ വായ്പ അനുവദിക്കുന്നു.

സെക്ഷൻ ഓഫീസർ